# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.167

17.06.2013 ന് മറുപടിയ്ക്ക്

## പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ട മലനിരകൾക്ക് ലഭിച്ച ലോകപൈതൃക പദവി നിലനിർത്തുന്നതിനും ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) വനം വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ആത്യന്തികമായി അവശേഷിക്കുന്ന ജൈവ വൈവിദ്ധ്യ സംരക്ഷണത്തേയും പരിപാലനത്തേയും ലക്ഷ്യമാക്കിക്കൊണ്ടാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ കർമ്മ പരിപാടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റ് വിഹിതം കൂടാതെ നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി, ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി എന്നിവയുടെ സഹായം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ജൈവ വൈവിദ്ധ്യ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളും കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബയോഡൈവേഴ്സിറ്റി ബോർഡ് മുതലായ സ്ഥാപനങ്ങളുടെ സഹായവും, ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് ലഭ്യമാകുന്നുണ്ട്. ഭാവിയിൽ ലോകബാങ്ക്, യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി എന്നീ വിദേശ ധനസഹായ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നുണ്ട്. |

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

(സി) മിക്ക കർമ്മ പരിപാടികളും നിലവിലുള്ള സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്. കൂടാതെ വനത്തിനുള്ളിൽ നടപ്പിലാക്കി വരുന്ന സംയോജിത തണ്ണീർത്തട പദ്ധതികൾക്ക് വിദേശ ധനസഹായം ലഭ്യമാക്കുന്നതിനായി നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മൂന്നാർ മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 30 കോടി രൂപയോളം അടങ്കൽ വരുന്ന ഹൈറെയിഞ്ച് ലാന്റ്സ്കേയിപ്പ് പ്രോജക്റ്റിന് അന്തിമ രൂപം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം

1. വനസംരക്ഷണത്തിനും അനുബന്ധമായി ജൈവ വൈവിധ്യ സംരക്ഷണത്തിനും കൂടുതൽ ജീവനക്കാരെ നിയമിച്ചും പരിശീലിപ്പിച്ചും പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചും സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.
2. ആദിവാസി സമൂഹത്തെ ജൈവവൈവിധ്യ സംരക്ഷണത്തിൽ പങ്കാളികളാക്കുന്നതിനായി അവരുടെ ഇടയിൽനിന്നും 700 വാച്ചർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നു.
3. ജീവനക്കാർക്ക് ആവശ്യമായ കൂടുതൽ വാർത്താവിനിമയ ഉപകരണങ്ങളും ആയുധങ്ങളും വാഹനങ്ങളും നൽകി വരുന്നു.
4. 11309 ച.കി.മീറ്ററോളം വരുന്ന കേരളത്തിന്റെ വനപ്രദേശത്തിന്റെ 29 ശതമാനം 22 സംരക്ഷിത മേഖലകളായി പ്രഖ്യാപിച്ചുകൊണ്ട് അവയുടെ ജൈവ വൈവിധ്യ സംരക്ഷണവും പരിപാലനവും കൂടുതൽ ഊർജ്ജിതമായി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.
5. അഗസ്ത്യമല ബയോസ്ഫിയർ റിസർവിലും നീലഗിരി ബയോസ്ഫിയർ റിസർവിലും ഉൾപ്പെടുന്ന വനപ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണ-ത്തിനായി കേന്ദ്ര സഹായത്തോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.
6. കടുവകളുടെയും അനുബന്ധ ജൈവ വൈവിധ്യത്തിന്റെയും സംരക്ഷണത്തിനായി പെരിയാർ കടുവാ സങ്കേതവും പറമ്പിക്കുളം കടുവാ സങ്കേതവും രൂപീകരിച്ചു പ്രോജക്ട് ടൈഗർ പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.
7. സംസ്ഥാനത്ത് വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നീ നാല് എലിഫന്റ് റിസർവുകൾ രൂപീകരിച്ച് കേന്ദ്ര സഹായത്തോടെ ആനകളുടെ സംരക്ഷണത്തിനായും അനുബന്ധ ജൈവവൈവിധ്യ സംരക്ഷണത്തിനായും പ്രോജക്ട് എലിഫന്റ് പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു

8. വന്യമൃഗങ്ങൾ വനത്തിനു വെളിയിൽ വന്നു അപകടത്തിൽപ്പെടുന്നത് തടയുവാനായി വൈദ്യുത കമ്പിവേലികൾ, മതിലുകൾ, കിടങ്ങുകൾ എന്നിവയുടെ നിർമ്മാണത്തിനും പരിപാലനത്തിനും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

9. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷംമൂലം ഉളവാകുന്ന ജൈവവൈവിധ്യത്തിനുണ്ടാകുന്ന ഭീഷണി കുറയ്ക്കുന്നതിനായി സമ്മതമുള്ളവരെ വനത്തിനു പുറത്തേയ്ക്കു മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

10. പ്രക്ഷീണ വനങ്ങളുടെയും അതോടു ചേർന്ന ഭൂപ്രദേശത്തിന്റെയും പുനരുദ്ധാരണവും പരിചരണവും ലക്ഷ്യമാക്കിയിട്ടുള്ള ഗ്രീൻ ഇന്ത്യ മിഷൻ എന്ന പദ്ധതിയ്ക്ക് സംസ്ഥാനത്ത് പ്രാരംഭം കുറിച്ചു.

11. ജനപങ്കാളിത്തത്തോടെ ജൈവവൈവിധ്യ സംരക്ഷണം ഊർജ്ജിതമാക്കുന്നതിനായി ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളും വന സംരക്ഷണ സമിതികളും രൂപീകരിച്ച് സംസ്ഥാനത്തുടനീളം സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു.

12. കേരളത്തിലെ വനമേഖലകളുടെ സംരക്ഷണത്തിനും ഇക്കോ റിസ്റ്റോറേഷനും ലക്ഷ്യമിട്ടുകൊണ്ട് നാലു വർഷം കൊണ്ട് പൂർത്തീകരിക്കുന്ന 560 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു സംയോജിത തണ്ണീർത്തട വികസന പദ്ധതി തയ്യാറാക്കി വിദേശ സഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

13. യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ സഹായത്തോടെ മൂന്നാർ മേഖലയിൽ ഉദ്ദേശം 30 കോടിയോളം രൂപ ചെലവഴിച്ച് ഹൈറെയിഞ്ച് ലാന്റ്സ്കെയിപ്പ് പ്രോജക്ട് നടപ്പിലാക്കാനുള്ള പദ്ധതിയ്ക്ക് രൂപം കൊടുത്തു വരുന്നു.